LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ജനുവരി 28, വെള്ളി

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2005 ജനുവരി മാസം 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

ചരമോപചാരം

മുൻപ്രധാനമന്ത്രി പി. വി. നരസിംഹറാവുവിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... പരിണതപ്രജ്ഞനായ രാജ്യതന്ത്രജ്ഞൻ, സാമ്പത്തിക പരിഷ്ക്കരണത്തിന്റെ ശിൽപി, നയതന്ത്രജ്ഞൻ, പ്രഗത്ഭ പ്രാസംഗികൻ, സംഗീത ശാസ്ത്രജ്ഞൻ, ബഹുഭാഷാ പണ്ഡിതൻ തുടങ്ങി ചരിത്രത്തിൽ സമാനതകളില്ലാത്ത ഒട്ടേറെ വിശേഷണങ്ങൾക്ക് അർഹനായ പമുലപർത്തി വെങ്കിട നരസിംഹറാവു ഇന്ത്യ കണ്ട ദാർശനികരായ പ്രധാനമന്ത്രിമാരിലൊരാളായിരുന്നു.

1921 ജൂൺ 28-ന് ആന്ധ്രാപ്രദേശിലെ വാറംഗലിൽ ഒരു കർഷക കുടുംബത്തിലാണ് റാവു ജനിച്ചത്. ഒസ്മാനിയ, ബോംബേ, നാഗ്പൂർ എന്നീ സർവ്വകലാശാലകളിലായി അദ്ദേഹം പഠനം പൂർത്തിയാക്കി. വിദ്യാർത്ഥിയായിരിക്കെ രാഷ്ട്രീയ രംഗത്തെത്തിയ അദ്ദേഹം ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിലും തന്റേതായ പങ്കു വഹിച്ചു. 1957 മുതൽ മൂന്ന് പതിറ്റാണ്ട് ആന്ധ്രാപ്രദേശ് നിയമസഭാംഗമായിരുന്ന അദ്ദേഹം മന്ത്രി, മുഖ്യമന്ത്രി എന്നീ നിലകളിൽ പ്രാഗത്ഭ്യം തെളിയിച്ചു.

1974-ൽ എ.ഐ.സി.സി. ജനറൽ സെക്രട്ടറിയായ റാവു 1980 മുതൽ 1986 വരെ വിവിധ കേന്ദ്ര മന്ത്രിസഭകളിൽ വിദേശകാര്യം, പ്രതിരോധം, മനുഷ്യ വിഭവശേഷി വികസന വകുപ്പുകളുടെ ചുമതല വഹിച്ചു. വിദേശകാര്യ മന്ത്രിയായിരിക്കെ 1983-ൽ പാലസ്തീൻ പ്രശ്നം പരിഹരിക്കുന്നതിനുള്ള ചേരിചേരാ രാഷ്ട്രങ്ങളുടെ പ്രത്യേക സമിതിയെ നയിച്ചത് റാവുവായിരുന്നു. 1986-ൽ രൂപീകരിച്ച മനുഷ്യവിഭവശേഷി വികസന വകുപ്പിന്റെ ചുമതല വഹിക്കവേ ഇൻഡ്യയിൽ ആദ്യമായി ഒരു ദേശീയ വിദ്യാഭ്യാസ നയത്തിന് അദ്ദേഹം രൂപം നൽകി. അതുപോലെ ഏറെ ശ്രദ്ധ നേടിയ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിലധിഷ്ഠിതമായ നവോദയ വിദ്യാലയ പദ്ധതിക്ക് തുടക്കമിട്ടതും അദ്ദേഹമായിരുന്നു. ഇൻഡ്യയിൽ കമ്പ്യൂട്ടർ പ്രചാരത്തിലാകുന്നതിന് വർഷങ്ങൾക്കുമുമ്പുതന്നെ റാവു മികച്ച ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധനായിരുന്നു.

1991-ൽ ഇൻഡ്യയെ പാടെ ഞെട്ടിച്ച രാജീവ് ഗാന്ധിയുടെ ദാരുണമായ അന്ത്യത്തെത്തുടർന്നുണ്ടായ ദശാസന്ധിയിൽ ഭാരതത്തെ നയിക്കുവാനുള്ള ചരിത്ര നിയോഗം ദക്ഷിണേന്ത്യക്കാരനായ റാവുവിനെത്തേടിയെത്തി. രാജ്യം അഭിമുഖീകരിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധിയുടേയും അടിയന്തിര പരിഹാരം കണ്ടെത്തേണ്ട പഞ്ചാബ്-കാശ്മീർ-ആസ്സാം പ്രശ്നങ്ങളുടെയും നടുവിൽ ഇൻഡ്യയുടെ പ്രധാനമന്ത്രിയായി 1991 ജൂൺ 21-ന് റാവു ചുമതലയേറ്റു.

ഇൻഡ്യയെ വൻ സാമ്പത്തിക ശക്തിയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ റാവു തന്റെ അളവറ്റ അനുഭവസമ്പത്തും രാഷ്ട്രീയ ദീർഘവീക്ഷണവും സാമ്പത്തിക ദർശനങ്ങളും ഉപയോഗിച്ച് സാമ്പത്തിക പരിഷ്ക്കരണ നടപടികൾക്ക് തുടക്കം കുറിച്ചു. അഞ്ചു വർഷം കൊണ്ട് അദ്ദേഹം ഇൻഡ്യൻ സമ്പദ് വ്യവസ്ഥയെ കൈപിടിച്ചുയർത്താൻ ആത്മാർത്ഥമായി പരിശ്രമിച്ചു. കയറ്റ്-ഇറക്കുമതി നയം, വ്യവസായ നയം തുടങ്ങിയ ഒട്ടേറെ നൂതന കാൽവയ്പ്പുകൾ അദ്ദേഹത്തിന്റെ സാമ്പത്തിക പരിഷ്ക്കരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി അദ്ദേഹം ഏറെ പണിപ്പെട്ടു.

അഞ്ചുവർഷവും സമർത്ഥമായി ഭരിച്ച് അദ്ദേഹം രാഷ്ട്രീയ അസ്ഥിരതയ്ക്ക് അറുതി വരുത്തി. വിവാദങ്ങളെ പലപ്പോഴും മൗനംകൊണ്ട് നേരിട്ട റാവു പ്രതിസന്ധികളെ മറികടക്കുവാൻ സമന്വയ രാഷ്ട്രീയത്തിന്റെ ശക്തനായ വക്താവായി.

സങ്കീർണ്ണമായൊരു കാലഘട്ടത്തിൽ കോൺഗ്രസ്സിനെ റാവു സമർത്ഥമായി മുന്നോട്ടു നയിച്ചു. ബഹുഭാഷാ പണ്ഡിതനും മികച്ച വാഗ്മിയുമായ അദ്ദേഹം ഇൻഡ്യൻ തത്വശാസ്ത്രത്തെയും സാംസ്കാരിക ചരിത്രത്തെയും പറ്റി ആഴത്തിൽ പഠിച്ചു. യു.എസ്.എ., ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലെ പ്രശസ്തമായ സർവ്വകലാശാലകളിൽ റാവു പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.

സർഗ്ഗ-വൈജ്ഞാനിക-സാഹിത്യ രംഗങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭാധനനായിരുന്നു റാവു. ഏറെ ചർച്ച ചെയ്യപ്പെട്ട അദ്ദേഹത്തിന്റെ 'ഇൻസൈഡർ' എന്ന ആത്മകഥാപരമായ നോവൽ സർഗ്ഗസിദ്ധിയുടെ ഉത്തമ ദൃഷ്ടാന്തമാണ്. ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ വൈസ് പ്രസിഡന്റ്, തെലുങ്ക് അക്കാദമിയുടെ ആദ്യ വൈസ് ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉൾക്കാഴ്ചയുള്ള ഭരണാധികാരിയായിരുന്ന അദ്ദേഹം സ്വന്തമായി പുതിയൊരു പാത വെട്ടിത്തെളിച്ചാണ് സമഗ്രമാറ്റത്തിന് കാർമ്മികനായത്. നാടിന്റെ വികസന പ്രവർത്തനങ്ങളെ ചിട്ടയായി മുന്നോട്ടു കൊണ്ടുപോകുവാൻ റാവുവിന്റെ ഭരണ നിപുണതയ്ക്കു കഴിഞ്ഞു.

നവയുഗ ചാണക്യൻ, ദാർശനികൻ, പരിഷ്ക്കരണവാദി, സമന്വയ രാഷ്ട്രീയത്തിന്റെ വക്താവ് തുടങ്ങി അപൂർവ്വ സവിശേഷതകൾക്കുടമയായ പ്രതിഭാശാലിയായിരുന്ന റാവുവിന്റെ വിടവാങ്ങൽ ഒരു യുഗത്തിന്റെ അന്ത്യം കുറിക്കുന്നു. എന്നാൽ അദ്ദേഹം രാജ്യത്തിനു നൽകിയ അളവറ്റ സംഭാവനകളാകട്ടെ കാലത്തിന് ഒരിക്കലും മായ്ക്കാനാകാത്തവയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഇന്ത്യയുടെ 9-ാമത് പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹറാവുവിന്റെ നിര്യാണം രാജ്യത്തിനുണ്ടായ വലിയൊരു നഷ്ടമാണ്. അങ്ങ് ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും യോജിച്ചു കൊണ്ട് ഈ നിര്യാണത്തിൽ ഞാൻ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. ഒരു സ്വാതന്ത്ര്യ സമരസേനാനിയായി പൊതുരംഗത്തു വന്ന പി. വി. നരസിംഹറാവു ആന്ധ്രയിൽ മന്ത്രിയായും മുഖ്യമന്ത്രിയായും ഭരണരംഗത്തെ തന്റെ പാടവം തെളിയിച്ചു. അതിനുശേഷം അദ്ദേഹം കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായി; പ്രതിരോധ വകുപ്പു മന്ത്രിയായി; വിദേശകാര്യ വകുപ്പുമന്ത്രിയായി; ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളെല്ലാം കൈകാര്യം ചെയ്ത് രാജ്യം ശ്രദ്ധിക്കുന്ന ഒരു ഭരണാധികാരിയായി മാറി. കോൺഗ്രസ്സിന്റെ പ്രവർത്തന രംഗത്തും നേതൃത്വം നൽകിയ അദ്ദേഹം തന്റെ പൊതുരംഗത്തെ കഴിവും ഭരണരംഗത്തെ പ്രത്യേകമായ പാടവവും തെളിയിച്ചു. രാജീവ്ജിയുടെ മരണത്തെത്തുടർന്ന് അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയായി. നമ്മുടെ രാജ്യം പലവിധത്തിലുള്ള പ്രശ്നങ്ങൾ നേരിടുകയായിരുന്നു. സാമ്പത്തികമായി തകർന്ന രാജ്യം; വിദേശനാണ്യത്തിന്റെ കാര്യത്തിൽ നെല്ലിപ്പലക കണ്ട ഒരു കാലഘട്ടം; 20 ടൺ സ്വർണ്ണം സ്വിറ്റ്സർലാൻഡിലെ യൂണിയൻ ബാങ്കിൽ കൊണ്ടുപോയി വിറ്റ് ദൈനംദിന കാര്യം നടത്തിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയായത്. ഇന്ത്യ പിന്നോട്ടു പോകേണ്ട ഒരു രാജ്യമല്ല, ഉറങ്ങിക്കിടക്കുന്ന ഒരു സാമ്പത്തിക ശക്തിയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അദ്ദേഹം സ്വീകരിച്ച ധീരമായ നടപടികളാണ് ഇന്ത്യയെ സാമ്പത്തിക രംഗത്ത് ഒരു ശക്തിയായി ഉയർത്തിക്കൊണ്ടുവരാൻ സഹായിച്ചത്. ഡോ. മൻമോഹൻ സിംഗിനെ അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയാക്കി മാറ്റിയതും പ്രധാനമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ചേർന്ന് എടുത്ത തീരുമാനങ്ങളും അന്ന് എതിർത്തവർപോലും ഇന്ന് അനുകൂലിക്കുന്ന സാഹചര്യമാണുണ്ടായത്. ഒരു ന്യൂനപക്ഷ ഗവൺമെന്റ് 5 വർഷം ഇന്ത്യ ഭരിച്ച ഒരു റെക്കാർഡും നരസിംഹറാവു ഇന്ത്യക്ക് കാണിച്ചു തന്നിട്ടുണ്ട്. അദ്ദേഹം പ്രധാനമന്ത്രി സ്ഥാനത്തു നിന്നും മാറിയതിനുശേഷം വളരെയേറെ വിവാദങ്ങളുണ്ടായി. പക്ഷേ ആ വിവാദങ്ങളെ അദ്ദേഹം നേരിട്ട രീതി ഇന്ത്യൻ ജനത മുഴുവൻ ആദരവോടുകൂടിയാണ് കണ്ടത്. ഒരു രാജ്യസേവകനെന്ന പേര് ഇന്ത്യയുടെ ചരിത്രത്തിൽ തനിക്കുണ്ടാകണമെന്ന് ആഗ്രഹിച്ച ആളാണ് നരസിംഹറാവു. ഇന്ത്യയെ വളർച്ചയുടെ പാതയിലേയ്ക്ക് നയിച്ച് ഒരു സാമ്പത്തിക ശക്തിയാക്കി മാറ്റിയ ഇന്ത്യയുടെ നേതാവ് എന്ന് ചരിത്രം അദ്ദേഹത്തെപ്പറ്റി രേഖപ്പെടുത്തുമെന്നതിൽ യാതൊരു സംശയവുമില്ല. ആ സ്മരണയ്ക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികളർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുൻ പ്രധാന മന്ത്രി നരസിംഹറാവു ഒരു ബഹുഭാഷാ പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ ദർശനങ്ങളിൽ ഉണ്ടായ പ്രത്യാഘാതം ഒട്ടേറെ ആളുകളുടെ കടുത്ത വിമർശനത്തിന്, ആക്ഷേപത്തിന് വിധേയമായിരുന്നു. രാഷ്ട്രത്തിന്റെ പ്രശ്നങ്ങൾ നേരിടുന്നതിൽ തന്റേതായ മാർഗ്ഗം സ്വീകരിച്ച അദ്ദേഹത്തിന്റെ വേർപാടിൽ അങ്ങും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, യശഃശരീരനായ മുൻ പ്രധാനമന്ത്രി പി. വി. നരസിംഹറാവുവിനെ കുറിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, പ്രതിപക്ഷ നേതാവുമെല്ലാം പറഞ്ഞ വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. നരസിംഹറാവു ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനം ഏറ്റെടുത്ത സന്ദർഭം ഇന്ത്യൻ രാഷ്ട്രീയത്തിൽ വളരെ സങ്കീർണ്ണമായ ഒരു കാലഘട്ടമായിരുന്നുവെന്ന് എല്ലാവർക്കും അറിയാം. ഹൃദയശസ്ത്രക്രിയ കഴിഞ്ഞ ഒരു എഴുപതുകാരൻ എന്നുള്ള നിലയിൽ അന്ന് അദ്ദേഹം ആ ചുമതല ഏറ്റെടുത്തപ്പോൾ രാജ്യം നേരിടുന്ന പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാൻ അദ്ദേഹത്തിന് സാധിക്കും എന്ന സംശയം പോലും പലരും ഉന്നയിച്ചിരുന്നു. പക്ഷേ അതിൽ നിന്നെല്ലാം വ്യത്യസ്തമായി വളരെ പ്രഗത്ഭമായ വിധത്തിൽ ആ ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ബഹുഭാഷാ പണ്ഡിതൻ എന്ന നിലയിലും അഗാധമായ അറിവിന്റെ ഉടമ എന്ന നിലയിലും അദ്ദേഹം ആ രംഗത്ത് ശോഭിച്ചു എന്ന് നമുക്കെല്ലാം അറിയാവുന്ന കാര്യം തന്നെയാണ്. ദാർശനികനായ പ്രധാനമന്ത്രി എന്ന നിലയിലാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടത്. ഡോ. രാധാകൃഷ്ണന്റെ രാഷ്ട്രീയ പതിപ്പെന്നുപോലും രാഷ്ട്രീയ നിരീക്ഷകർ അദ്ദേഹത്തെ വിശേഷിപ്പിക്കുകയുണ്ടായി. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഏറ്റവും നല്ല എഴുത്തുകാരനെന്ന നിലയിലും ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട ഒരു പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. "ഇൻസൈഡർ" എന്ന അദ്ദേഹത്തിന്റെ നോവലിലൂടെ ഇന്ത്യയിൽ ആകെത്തന്നെ അദ്ദേഹം ചർച്ച ചെയ്യപ്പെട്ടു എന്നുള്ള കാര്യവും നമുക്കറിയാം. അദ്ദേഹം ശാന്തപ്രകൃതനായിരുന്നു. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹത്തിന്റെ മൗനം വാചാലമായിരുന്നു എന്നതാണ് പരമാർത്ഥം. അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ രംഗം അദ്ദേഹത്തിന്റെ ഡിപ്ലോമാറ്റിക് റിലേഷനായിരുന്നു. പ്രധാനമന്ത്രി ആയിരിക്കെ അദ്ദേഹം അക്കാര്യത്തിൽ കാണിച്ച നൈപുണ്യം ലോകത്തിലാകെത്തന്നെ ചർച്ചാവിഷയമായിരുന്നു. ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഇന്ത്യൻ സാമ്പത്തിക രംഗത്ത് അദ്ദേഹം ചെലുത്തിയിട്ടുള്ള സ്വാധീനവും, നേതൃത്വവും എക്കാലത്തും ഓർമ്മിക്കപ്പെടും. നമുക്കെല്ലാം അറിയാം; ഇന്ത്യ, ഒരു കാലത്ത് വൻകിട രാജ്യങ്ങൾക്ക് വേണ്ടാത്ത സാധനങ്ങൾ എല്ലാം ഇറക്കുമതി ചെയ്യാനുള്ള ഡമ്പിംഗ് മാർക്കറ്റ് ആയിരുന്നെങ്കിൽ കയറ്റുമതിയുടെ ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് ഒരു പുത്തൻ ഉണർവ്വ് നൽകുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. മാനവ വിഭവശേഷിയുടെ ഏറ്റവും ഉന്നതമായ തലങ്ങളിലേക്ക് ഇന്ത്യയെ

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്തുന്ന കാര്യത്തിലും അദ്ദേഹത്തിന് വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിഞ്ഞു എന്നതും ഒരു യാഥാർത്ഥ്യമാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു, അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കോൺഗ്രസിന്റെ മുതിർന്ന നേതാക്കൻമാരിൽ ഒരാളായ നരസിംഹറാവു ദീർഘകാലം ഭരണാധികാരി എന്ന നിലയിൽ ആന്ധ്രാ സംസ്ഥാനത്തും, കേന്ദ്രത്തിലും പിന്നീട് പ്രധാനമന്ത്രി എന്ന നിലയിലുമെല്ലാം വളരെയേറെ അനുഭവസമ്പത്തുള്ള ഒരു ഭരണാധികാരിയായിരുന്നു. ബാബറി മസ്ജിദ് പൊളിച്ച സംഭവവും പുത്തൻ സാമ്പത്തിക നയം നടപ്പാക്കിയതുമൊക്കെ വളരെയധികം വിവാദങ്ങൾക്ക് ഇടവരുത്തുകയും ശക്തമായ പ്രക്ഷോഭങ്ങൾ നാട്ടിൽ വളർന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്തു. എന്നാലും അദ്ദേഹത്തിന്റെ സമരപാരമ്പര്യം, ദേശീയബോധം, ദീർഘകാലത്തെ രാഷ്ട്രീയ അനുഭവസമ്പത്ത്, സാഹിത്യ സാംസ്ക്കാരിക രംഗത്ത് നൽകിയ വിലപ്പെട്ട സംഭാവനകൾ, ബഹുഭാഷാപാണ്ഡിത്യം തുടങ്ങി വിവിധ മേഖലകളിൽ അദ്ദേഹത്തിന്റേതായ വിലപ്പെട്ട സംഭാവനകൾ രാഷ്ട്രം ശ്രദ്ധിച്ചിട്ടുണ്ട്. പുത്തൻ സാമ്പത്തിക നയങ്ങളിലേയ്ക്ക് രാജ്യത്തെ നയിച്ച നരസിംഹറാവു അദ്ദേഹത്തിന്റെ അവസാന കാലഘട്ടത്തിൽ പരിഷ്ക്കാരങ്ങൾക്ക് മനുഷ്യമുഖം വേണമെന്ന് പറഞ്ഞ കാര്യം മറന്നു കൂടാ. അങ്ങനെ ദീർഘകാല രാഷ്ട്രീയ അനുഭവസമ്പത്തും ഭരണകാല അനുഭവങ്ങളുമൊക്കെ നിറഞ്ഞുനിന്ന നരസിംഹറാവുവിന്റെ വേർപാടിൽ ഈ സഭയിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിച്ചു കൊണ്ട് അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികളും അനുശോചനവും അറിയിച്ചു കൊണ്ട് നിർത്തുന്നു.

റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നരസിംഹറാവുവിന്റെ നിര്യാണത്തിൽ അങ്ങും, കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുകയാണ്. നമ്മുടെ ഭാരതീയ ദർശനത്തിൽ ഒരു കാഴ്ചപ്പാട് ഉണ്ട്—മഹാരഥൻ എന്നുപറയും. ഇംഗ്ലീഷിൽ 'The Great Hero' എന്നു പറയും. ഇന്ത്യൻ പൊളിറ്റിക്സിലെ 'The Great Hero' ആയിരുന്നു നരസിംഹറാവു എന്ന് പറഞ്ഞാൽ പൂർണ്ണമായി ശരിയാണ്. അദ്ദേഹം പ്രധാനമന്ത്രിയായി സ്ഥാനം ഏൽക്കുന്ന സന്ദർഭത്തിൽ ഇന്ത്യയിൽ കാറും കോളും നിറഞ്ഞുനിന്ന ഒരു അന്തരീക്ഷമായിരുന്നു. അദ്ദേഹത്തിന്റെ അന്ത്യ നാളുകളിൽ ഈ ഹീറോയെ വീഴിക്കാൻ വേണ്ടി എത്രയോ പരിശ്രമങ്ങൾ നടക്കുകയുണ്ടായി; എത്രയോ പരീക്ഷണങ്ങൾ അദ്ദേഹം നേരിടുകയുണ്ടായി; എത്രയോ പീഡനങ്ങൾ അദ്ദേഹത്തിനു നേരിടേണ്ടി വന്നു. പക്ഷേ അവസാനം അഗ്നിശുദ്ധി കൈവരിച്ച് വിജയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നുള്ളതു ശ്രദ്ധേയമായ ഒരു കാര്യമാണ്. റാവുവുമായി വളരെ അടുത്തു പെരുമാറുവാനുള്ള അവസരം എനിക്ക് ലഭിക്കുകയുണ്ടായി. അദ്ദേഹത്തിൽ ഞാൻ കണ്ട ശ്രദ്ധേയമായ സവിശേഷത എന്നു പറയുന്നത്, ഇന്ത്യ കണ്ട നയതന്ത്രജ്ഞരിൽ ഏറ്റവും പ്രമുഖനായിരുന്നു നരസിംഹറാവു എന്നുള്ളതാണ്. അദ്ദേഹം സമന്വയത്തിന്റെ ആളായിരുന്നു. എല്ലാ കാര്യങ്ങളെ സംബന്ധിച്ചിടത്തോളവും എല്ലാം യോജിപ്പിച്ചുകൊണ്ട് പോകുന്നതിനുള്ള ഒരു ശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. പഞ്ചാബിലെ സ്ഥിതി ശാന്ത

LIBRARY ARCHIVES Kerala Legislative Assembly

മാക്കിയത്, കാശ്മീരിൽ തെരഞ്ഞെടുപ്പിനുള്ള കളം ഒരുക്കിയത് ഇതൊക്കെ വാസ്തവത്തിൽ വലിയ നേട്ടങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ബഹുഭാഷാ വൈദഗ്ദ്ധ്യത്തെ കുറിച്ച് പറഞ്ഞാൽ, അദ്ദേഹം ഫ്രാൻസ് സന്ദർശിച്ച സന്ദർഭത്തിൽ ഫ്രഞ്ചിലായിരുന്നു പ്രസംഗിച്ചത്. മറ്റുള്ള രാജ്യക്കാരെപ്പോലും അതിശയിപ്പിക്കത്തക്കവണ്ണം വിദേശ ഭാഷകളിൽ അദ്ദേഹം കൈവരിച്ച പാണ്ഡിത്യം വളരെ പ്രശംസനീയമാണ്. അദ്ദേഹം ഒരു ബുദ്ധിസാമ്രാട്ടായിരുന്നു. ആ നിലയ്ക്ക് അദ്ദേഹത്തിൽ വിളങ്ങിയിരുന്ന മഹത്വം എത്രയോ വലുതായിരുന്നു എന്ന് ഞാൻ പറയാതെ തന്നെ എല്ലാപേർക്കും അറിയാവുന്നതാണ്. അദ്ദേഹത്തെ ഇന്ത്യയ്ക്ക് ഒരിക്കലും വിസ്മരിക്കുവാൻ കഴിയുകയില്ല. ഒരു വ്യവസ്ഥിതിയിൽ നിന്ന് മറ്റൊരു വ്യവസ്ഥിതിയിലേക്ക് നാടിനെ നയിക്കുന്നവരാണ് വിപ്ലവകാരികൾ. യഥാർത്ഥത്തിൽ നരസിംഹറാവു ഒരു വിപ്ലവകാരിയായിരുന്നു. വിപ്ലവങ്ങൾ ഉണ്ടാകുമ്പോൾ വിവാദങ്ങൾ ഉണ്ടാകുന്നു. സാമ്പത്തികമായി തകർന്ന ഇന്ത്യയെ സംരക്ഷിക്കുന്നതിനുവേണ്ടി liberalization policy, സാമ്പത്തിക പരിഷ്കരണങ്ങൾ കൊണ്ടുവന്നത് നരസിംഹറാവുവാണ്. അതാണ് ഇന്ത്യയുടെ ഇന്നത്തെ സാമ്പത്തിക ശക്തിക്ക് വഴിതെളിച്ചത് എന്നാണ് എന്റെ അഭിപ്രായം. അതിനെപ്പറ്റി വിവാദങ്ങൾ ഉണ്ടാകാം. പണ്ട് രാജഗോപാലാചാരി ലൈസൻസ് രാജിനെതിരെ സംസാരിച്ചപ്പോൾ എത്ര വിവാദം ഉണ്ടായി! ആദ്യം കയ്ക്കും പിന്നെ മധുരിക്കും. നമ്മുടെ നാടിനെ മുഴുവൻ, വാസ്തവത്തിൽ പറഞ്ഞാൽ പിന്നോട്ട് പിടിച്ചത് ലൈസൻസുകളും നിയന്ത്രണങ്ങളുമാണ്. ബ്യൂറോക്രസി ഇവിടെ ഇല്ലായിരുന്നെങ്കിൽ ഇത്രമാത്രം എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും പാരാമെഡിക്കൽ കോളേജുകളും ഉണ്ടാകുമായിരുന്നോ? സാമ്പത്തിക രംഗത്ത് നമ്മൾ മുന്നേറുമായിരുന്നോ? അപ്പോൾ liberalization എന്നുപറയുമ്പോൾ എല്ലാ രംഗങ്ങളിലും ഭരണതലങ്ങളിൽ, വിദ്യാഭ്യാസ രംഗത്ത്, സാമ്പത്തിക രംഗത്ത് എല്ലാം ലിബറലൈസേഷൻ ഉണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം അത് ഒരു കെട്ടാണ്—നിയന്ത്രണങ്ങളുടെ കെട്ട്—ആ കെട്ട് അഴിച്ചു വിട്ടുകൊണ്ട് നമുക്ക് സാമ്പത്തികമായും സാമൂഹ്യമായും മുന്നേറുന്നതിനുള്ള അവസരം സൃഷ്ടിച്ചത് ഇന്ത്യയുടെ ലിബറലൈസേഷൻ പോളിസിയാണ്. ആ പോളിസി ധീരമായി നടപ്പാക്കിയ, ഒരു വ്യവസ്ഥിതിയിൽ നിന്നും മറ്റൊരു വ്യവസ്ഥിതിയിലേക്ക് ഇന്ത്യയെ ധീരമായി നയിച്ച നരസിംഹറാവുവിനെ ഇന്ത്യയുടെ ചരിത്രത്തിൽ നിന്നും മാറ്റി നിർത്തുവാൻ കഴിയുകയില്ല. അത്രമാത്രം ഇന്ത്യയുമായി അഭേദ്യമായി, ഇന്ത്യൻ സംസ്ക്കാരവുമായി അഭേദ്യമായി ബന്ധപ്പെട്ട ഒരു വ്യക്തി എന്നുള്ള നിലയിൽ ഞാൻ നരസിംഹറാവുവിനെ കാണുകയാണ്. അദ്ദേഹത്തിന്റെ അനശ്വരമായ വ്യക്തിത്വത്തിനു മുന്നിൽ നമോവാകം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലികൾ രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, സ്വാതന്ത്ര്യ സമരകാലത്ത്, വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയും, അതു കഴിഞ്ഞ് ആന്ധ്രാപ്രദേശ് നിയമസഭയിൽ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത് ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായും പിന്നീട് കേന്ദ്രത്തിലെ പ്രധാനപ്പെട്ട പല വകുപ്പുകളും കൈകാര്യം ചെയ്ത് ഒടുവിൽ ഇന്ത്യയുടെ പ്രധാനമന്ത്രിയാവുകയും ചെയ്ത ബഹുമാന്യനായ

LIBRARY ARCHIVES Kerala Legislative Assembly

പി. വി. നരസിംഹറാവുവിന്റെ നിര്യാണത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു. ഒരു ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ, സ്വതന്ത്ര ഭാരതത്തിലെ ആദ്യത്തെ പ്രധാനമന്ത്രിയായ ബഹുമാന്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുതൽ പ്രധാനമന്ത്രിമാരായിരുന്നവർ, ഉന്നതമായ ആ സ്ഥാനത്തിരുന്നുകൊണ്ട് സ്വീകരിച്ച നടപടികൾ, ജനാധിപത്യ മതേതരത്വത്തിൽ വിശ്വസിക്കുന്ന, പാവപ്പെട്ടവന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന രാജ്യം എന്നുള്ള നിലയിൽ, ഓരോ പ്രധാനമന്ത്രിമാരുടെയും കാലഘട്ടത്തിൽ അവർ സ്വീകരിച്ച നടപടികളും അവർ മുറുകെ പിടിച്ച മൂല്യങ്ങളും നമ്മളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് ഇന്ന് ചരിത്രം ഗൗരവമായി വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, തെക്കേ ഇന്ത്യയിൽ നിന്നും വന്ന ഒരു പ്രധാനമന്ത്രി, അഞ്ചു വർഷം തികച്ച ഒരു പ്രധാനമന്ത്രി, മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനായ ഒരു ബഹുഭാഷാ പണ്ഡിതൻ എന്നീ നിലകളിൽ പ്രസിദ്ധനായിരുന്നു അദ്ദേഹം. ബഹുമാന്യനായ സ്പീക്കർ സൂചിപ്പിച്ചതുപോലെ, രാഷ്ട്രീയ നേതാവായിരുന്നിട്ടും ശാസ്ത്രീയ സംഗീതത്തേയും അതിന്റെ വൈവിദ്ധ്യങ്ങളേയും സ്നേഹിച്ച, മറ്റു രാഷ്ട്രീയ നേതാക്കളിൽ നിന്നും വ്യത്യസ്തമായ വ്യക്തിത്വമുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. അഞ്ചു വർഷം ഇന്ത്യയുടെ പ്രധാന മന്ത്രിയായിരുന്ന പി. വി. നരസിംഹറാവുവിന്റെ സ്മരണയ്ക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, അങ്ങും, നിയമസഭയിലെ മുഖ്യമന്ത്രിയടക്കമുള്ള നേതാക്കന്മാരും അന്തരിച്ച പ്രധാനമന്ത്രി പി. വി. നരസിംഹറാവുവിനെപ്പറ്റി ഇവിടെ പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. പി. വി. നരസിംഹറാവു ആന്ധ്രാപ്രദേശിൽ ഒരു കർഷക കുടുംബത്തിൽ ജനിച്ച്, വിദ്യാഭ്യാസം നേടി, ഒരു സാഹിത്യകാരനായി രാഷ്ട്രീയത്തിൽ വന്നു; ആന്ധ്രാപ്രദേശിലെ മുഖ്യമന്ത്രിയായി അവിടെ കോൺഗ്രസ്സിന്റെ ഭരണം നിലനിർത്തി. ആ പദവിയിൽ നിന്നും അദ്ദേഹം കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതാവായി, ഇന്ത്യയുടെ പ്രധാനമന്ത്രിയുമായി. ഭൂരിപക്ഷമില്ലാതിരുന്നിട്ടും അഞ്ചു കൊല്ലക്കാലവും അദ്ദേഹം ഭരണം തുടർന്നു. രാജീവ്ഗാന്ധി വധത്തോടെ നിലവിൽ വന്ന സ്ഥിതിഗതിയിൽ അദ്ദേഹത്തിന് ഭരണം ഏറ്റെടുക്കേണ്ടി വന്നു. വിദേശനാണ്യ പ്രതിസന്ധിയിലായിരുന്ന ഇന്ത്യയുടെ ദ്രഷ്കിയും സാമ്പത്തിക സ്ഥിതിയും നിയന്ത്രിക്കാനും അതിൽ നിന്നും കരകയറാനുമായി അദ്ദേഹം സ്വീകരിച്ച ഉദാരവൽക്കരണം, അതുപോലെ അയോദ്ധ്യാ സംഭവം ഇതെല്ലാം വിവാദമായി മാറിയ സംഭവങ്ങളാണ്. എങ്കിൽപ്പോലും അദ്ദേഹം അഞ്ചു കൊല്ലവും തീർത്ത് ഭരണം നടത്തി. ഈ നിയമസഭയിലെ അംഗങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും പാർട്ടിയുടെയും ദുഃഖത്തിൽ പങ്കു ചേരുന്നു.

ശ്രീ. എ. എ. അസീസ്: സർ, മുൻ പ്രധാനമന്ത്രി പി. വി. നരസിംഹറാവുവിന്റെ നിര്യാണത്തിൽ അങ്ങും മറ്റു കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച ദുഃഖത്തിൽ ഞാനും പങ്കു ചേരുന്നു. പുത്തൻ സാമ്പത്തിക നയങ്ങളുടെ പേരിൽ ഏറെ വിമർശിക്കപ്പെട്ടയാളാണ് പി. വി. നരസിംഹറാവു. അദ്ദേഹം രാഷ്ട്രീയം

LIBRARY ARCHIVES Kerala Legislative Assembly

മതിയാക്കി വിശ്രമ ജീവിതം നയിക്കുകയായിരുന്ന കാലത്ത് രാജ്യത്തെ നയിക്കാൻ അദ്ദേഹത്തെ ക്ഷണിക്കുകയായിരുന്നു. രാജ്യത്തെ മുതലാളിത്ത വ്യവസ്ഥിതിയിലേയ്ക്ക് നയിച്ച ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾക്ക് തുടക്കം കുറിച്ച ആൾ എന്ന നിലയിൽ അദ്ദേഹം നിശിതമായി വിമർശിക്കപ്പെടുകയും ചെയ്തിരുന്നു. പ്രധാനമന്ത്രി പദം ഒഴിഞ്ഞ പി. വി. നരസിംഹറാവുവിനെ കേസുകൾ വേട്ടയാടുകയായിരുന്നു. സ്ഥാനമൊഴിഞ്ഞ ശേഷവും ഒട്ടനവധി വിവാദങ്ങളിലെ കേന്ദ്ര കഥാപാത്രമായിരുന്നു പി. വി. നരസിംഹറാവു. എന്നാൽ അവസാന കാലത്ത് അദ്ദേഹത്തെ കോൺഗ്രസ്സുകാർ പോലും കൈയൊഴിഞ്ഞു. അഴിമതി, കൈക്കൂലി തുടങ്ങിയ കേസുകളിൽ വേട്ടയാടപ്പെട്ടതിനുശേഷം അവസാന കാലഘട്ടത്തിൽ അദ്ദേഹം എല്ലാ കേസുകളിൽ നിന്നും കുറ്റവിമുക്തനായി. കർഷക പ്രസ്ഥാനങ്ങളിലൂടെ വളർന്നു വന്ന പി. വി. നരസിംഹറാവു പേരുകേട്ട ഒരു അഭിഭാഷകനായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും ദുഃഖം പ്രകടിപ്പിക്കുന്നു. അദ്ദേഹത്തിനു ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഈ സന്ദർഭത്തിലെങ്കിലും ദയവു ചെയ്ത് മന്ത്രിമാരുടെ അടുക്കൽ ശുപാർശ ചെയ്യാതിരിക്കുക. സന്ദർഭത്തിന്റെ ഗൗരവം കളയാതിരിക്കുക.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, അന്തരിച്ച മുൻ പ്രധാനമന്ത്രി പി. വി. നരസിംഹറാവുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹത്തെ സ്മരിച്ചുകൊണ്ടും അങ്ങും മുഖ്യമന്ത്രിയും മറ്റു കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുന്നു. നീണ്ട വർഷങ്ങളുടെ പ്രവർത്തന പാരമ്പര്യവും അനുഭവസമ്പത്തും പാണ്ഡിത്യവും പ്രവർത്തന ശൈലിയും കൊണ്ട് ഒരു പ്രത്യേക വ്യക്തിത്വത്തിന്റെ ഉടമയായി മാറിയ അദ്ദേഹം, ഇന്ത്യൻ രാഷ്ട്രീയത്തിലെ അതികായന്മാരിൽ എന്തുകൊണ്ടും എടുത്തു പറയത്തക്ക ഒരാളായിരുന്നു. സ്വന്തം പ്രവർത്തനങ്ങൾ കൊണ്ട്, ഒരു പ്രത്യേക നരസിംഹറാവു ശൈലി തന്നെ ഇന്ത്യൻ രാഷ്ട്രീയത്തിന് സംഭാവന ചെയ്ത ഒരു വ്യക്തിയാണ് അദ്ദേഹം. തന്റെ പ്രത്യേക ശൈലിയിലൂടെ, അദ്ദേഹം പ്രവർത്തിച്ച മേഖലകളെല്ലാം അന്തിമമായി വിശകലനം ചെയ്യുമ്പോൾ, മറ്റുള്ള നേതാക്കളിൽ നിന്നും വ്യത്യസ്തനായിരുന്നു അദ്ദേഹം എന്ന് നിസ്സംശയം പറയാം. സ്വാതന്ത്ര്യ സമര കാലഘട്ടത്തിലെ സമര സേനാനികളുടെ കണ്ണിലെ ഒരു സുപ്രധാന നേതാവായിരുന്നു അദ്ദേഹം. ഇന്ത്യൻ രാഷ്ട്രീയത്തിൽ എന്നും ഓർക്കുന്ന പി. വി. നരസിംഹറാവുവിന്റെ നിര്യാണത്തിൽ ഈ സഭാംഗങ്ങളോടൊപ്പം ഞാനും അനുശോചിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഭാരതത്തിന്റെ ഒൻപതാമത്തെ പ്രധാനമന്ത്രിയായിരുന്ന, പണ്ഡിതാഗ്രേസരനായ പി. വി. നരസിംഹറാവുവിന്റെ നിര്യാണത്തിൽ അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും മറ്റു കക്ഷികളുടെ പ്രതിനിധികളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുന്നു. പി. വി. നരസിംഹറാവുവുമായി ഒരുമിച്ച് ലോകസഭയിൽ ഇരിക്കാനും അദ്ദേഹത്തോട് വളരെ അടുത്തു പെരുമാറാനും കഴിഞ്ഞ ഒരാളാണ് ഞാൻ. അദ്ദേഹ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ പല നയങ്ങളോടും യോജിപ്പില്ലാത്ത ആളുകൾക്കുപോലും, പ്രതിപക്ഷ നേതാവു പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിൽ, അദ്ദേഹത്തിന്റെ വീക്ഷണങ്ങളിൽ, പലതിനോടും യോജിപ്പ് പ്രകടിപ്പിക്കാതിരിക്കുവാൻ കഴിയുക യില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വിന്ധ്യ പർവ്വതത്തിനു തെക്കുനിന്നും ഒരു വ്യക്തിക്കു പ്രധാനമന്ത്രിയായി വരാൻ കഴിയുമെന്ന് ലോകത്തിനും ഇന്ത്യക്കും കാണിച്ചുകൊടുത്ത വ്യക്തിയാണ് പി. വി. നരസിംഹറാവു. പ്രധാനമന്ത്രി പദം ഇന്നും കൈപ്പിടിയിൽ ഒതുങ്ങാത്ത ദ്രാവിഡന്, അത് നേടി കൊടുത്തതാണ് പി. വി. നരസിംഹറാവുവിന്റെ നേട്ടങ്ങളിൽ ഏറ്റവും പ്രധാന നേട്ടമായി ഞാൻ കാണുന്നത്. നമ്മുടെ രാഷ്ട്രത്തെ അദ്ദേഹം എങ്ങനെ നയിച്ചു എന്നതിനെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളവർ പോലും അദ്ദേഹത്തെ അംഗീകരിച്ചിരുന്നു. അഞ്ചു വർഷക്കാലം ഭൂരിപക്ഷം പോലുമില്ലാത്ത ഒരു ഗവൺമെന്റിനെ നയിച്ച അദ്ദേഹം, പ്രധാനമന്ത്രി എന്നുള്ള പദവിക്ക് തികച്ചും അർഹനാണ്. താനുൾ പ്പെടുന്ന രാഷ്ട്രീയ കക്ഷിക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷമില്ലാത്ത ഒരു ഗവൺമെന്റിനെ അഞ്ചു കൊല്ലക്കാലം നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞ, ചാണക്യ പ്രതിഭ പ്രകടിപ്പിച്ച ഒരു പ്രധാനമന്ത്രി കൂടിയാണ് പി. വി. നരസിംഹറാവു. അദ്ദേഹം അവസാനം എഴുതിയ 'ഇൻസൈഡർ' എന്ന പുസ്തകം ഒരു നോവലാ യാണ് എഴുതിയതെങ്കിലും ജീവിത സ്പർശിയായ ആത്മകഥാകഥനം കൂടിയായിരുന്നു അത്. രാഷ്ട്രീയത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കേണ്ടി വന്നപ്പോഴും പൊതു രംഗത്ത് നിറഞ്ഞു നിന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പി. വി. നരസിംഹറാവു. അദ്ദേഹം നാടിനു ചെയ്ത സംഭാവനകൾ, തീർച്ചയായും എത്തേണ്ട സ്ഥലങ്ങളിൽ എത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഗുണഫലങ്ങൾ അദ്ദേഹത്തിന്റെ ആത്മാവിനു കുളിർമയുണ്ടാക്കും എന്നുള്ള കാര്യത്തിൽ എനിക്കു സംശയമില്ല. അദ്ദേഹം വലിയൊരു പ്രതിഭയായിരുന്നു. സ്വാതന്ത്ര്യ സമരത്തിൽക്കൂടി, വിദ്യാർത്ഥി പ്രസ്ഥാനങ്ങളിൽക്കൂടി വളരെ ചെറുപ്രായത്തിൽ തന്നെ ആന്ധ്രാപ്രദേശിലെ മന്ത്രിസഭയിൽ അംഗമാകാനും ജാതി രാഷ്ട്രീയം നിറഞ്ഞ ആന്ധ്രാപ്രദേശിൽ അത്ര വലിയ ജാതി പിന്തുണയില്ലാതെ ദീർഘകാലം മുഖ്യമന്ത്രിയാകാനും കഴിഞ്ഞത് അദ്ദേഹത്തിന്റെ നേട്ടങ്ങളിൽ വളരെ പ്രധാന്മാണ്. അതൊരു അംഗീകാരമായിരുന്നു. ഇന്ത്യയുടെ വിദേശകാര്യ മന്ത്രി എന്നുള്ള നിലയിൽ, അങ്ങു സൂചിപ്പിച്ചതുപോലെ, പാലസ്തീൻ പ്രശ്നങ്ങളിൽ അദ്ദേഹം കൈക്കൊണ്ട സുപ്രധാനമായ നയത്തിന് ലോകരാഷ്ട്രങ്ങളുടെ അംഗീകാരം ലഭിച്ചു. അന്ന് രാജീവ്ഗാന്ധിയുടെ ഗവൺമെന്റിൽ വിദേശകാര്യമന്ത്രി അദ്ദേഹമായിരുന്നുവെന്ന് ഞാനീയവസരത്തിൽ ഓർക്കുന്നു. പ്രഗത്ഭനായ അദ്ദേഹത്തിന്റെ നിര്യാണം പല രംഗങ്ങളിലും നികത്താൻ കഴിയാത്ത വിടവുകൾ സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്യുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, രാഷ്ട്രീയ നേതാവ് എന്നതിനുപരി, പ്രധാനമന്ത്രി എന്നതിനുപരി പണ്ഡിതനും എഴുത്തുകാരനും ചിന്തകനുമായിരുന്ന പി. വി. നരസിംഹറാവുവിനെ ഞാൻ ആദരപൂർവ്വം അനുസ്മരിക്കുന്നു. അദ്ദേഹ ത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. രാഷ്ട്രീയ

ത്തിലേയ്ക്ക് വരുന്നതിനുമുമ്പ് വിവർത്തകൻ എന്ന നിലയിൽ സാഹിത്യ രംഗത്ത് പ്രശസ്തനായ പി. വി. നരസിംഹറാവുവിന് ഒൻപതു ഭാഷകളിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. അങ്ങയുടെ അനുസ്മരണ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ ഇൻഡ്യയിൽ ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ച് അന്നത്തെ ഗവൺമെന്റ് നടപ്പിലാക്കിയപ്പോൾ മാനവശേഷി വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന പി. വി. നരസിംഹറാവു ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകളിലും അത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള പ്രത്യേകമായ താൽപ്പര്യം നേരിട്ട് മനസ്സിലാക്കാൻ അവസരം ഉണ്ടായ ഒരാളാണ് ഞാൻ. സർ, അന്ന് കേരളത്തിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഞാൻ അന്നത്തെ ഗവൺമെന്റിന്റെ, കരുണാകരൻ ഗവൺമെന്റിന്റെ—തീരുമാനമനുസരിച്ച് ദേശീയ വിദ്യാഭ്യാസനയത്തിന് അനുസൃതമായി ചില തീരുമാനങ്ങൾ എടുത്തപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ വിവാദങ്ങൾ ഉണ്ടായി, പ്രത്യേകിച്ച് യൂണിവേഴ്സിറ്റികളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തുന്ന തീരുമാനമെടുത്തപ്പോഴുണ്ടായ വിവാദങ്ങൾ, കേരളത്തിൽ ശക്തമായ പ്രക്ഷോഭത്തിനു കാരണമായി. ആ അവസരത്തിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്നു ശ്രീ. കെ. കരുണാകരന്റെ നിർദ്ദേശപ്രകാരം ഞാൻ പി. വി. നരസിംഹറാവുവിനെ ഡൽഹിയിൽ പോയി കണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹവുമായി സംസാരിച്ചതും അന്ന് ഇവിടെ ഉയർന്നുവന്ന പല ആക്ഷേപങ്ങളേയും സംബന്ധിച്ച് അദ്ദേഹവുമായി സംസാരിക്കാനുള്ള സന്ദർഭം ഉണ്ടായതും ഞാൻ ഓർമ്മിക്കുകയാണ്. സാധാരണ ഗതിയിൽ ഒരു മന്ത്രി കേന്ദ്രത്തിൽ പോയി കേന്ദ്ര മന്ത്രിയുമായി സംസാരിച്ചു മടങ്ങുമ്പോൾ ആ സംസാരം അവിടം കൊണ്ട വസാനിപ്പിക്കുകയാണ് ചെയ്യുക. പക്ഷേ അദ്ദേഹം, സംസ്ഥാന ഗവൺമെന്റിന്റെ അന്നത്തെ മന്ത്രിയെന്ന നിലയിൽ എനിക്കയച്ച ഒരു കത്ത് പിന്നീട് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ ഒരു വാചകം ഞാൻ ഇവിടെ വായിക്കാൻ ആഗ്രഹിക്കുകയാണ്. "It is necessary that Plus-two stage is a part of the Higher Secondary School System; that is why it has been our stand that in the pattern only the three year Degree Course should be a part of the University System. I am happy to note that inconsistant with this you have initiated measures to delink Pre-degree Courses from the Universities". അന്ന് പി. വി. നരസിംഹറാവു എഴുതിയ കത്തിലെ ഉള്ളടക്കം ഇന്ന് ഭാരതം മുഴുവൻ നടപ്പിലാക്കിക്കഴിഞ്ഞിരിക്കുകയാണ്. തീർച്ചയായിട്ടും ഒരു ദാർശനികൻ എന്ന നിലയിൽ, വളരെ ദൂരക്കാഴ്ചയോടുകൂടി കാര്യങ്ങളെ കണ്ട ഒരു വ്യക്തിയായിരുന്നു അദ്ദേഹം. രാജീവ്ഗാന്ധി ഗവൺമെന്റിലെ മന്ത്രി എന്നുള്ള നിലയിൽ അദ്ദേഹം എടുത്ത initiative ഇന്ന് ഭാരതത്തിന് ആകെ ഓർമ്മിക്കാൻ കഴിയുന്ന ഒരു സംഗതിയായി മാറിക്കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തെ വളരെ അടുത്ത് അറിയാമായിരുന്ന ശ്രീ. സച്ചിദാനന്ദമൂർത്തി അദ്ദേഹത്തെക്കുറിച്ച് എഴുതിയത്, "ഇങ്ങനെ ഒരുപാട് നല്ലകാര്യങ്ങൾ ചെയ്തിട്ടും ഒരുപാട് പേരുദോഷം കേൾക്കേണ്ടി വന്ന ആളാണ് പി. വി. നരസിംഹറാവു", എന്നാണ്. ഇവിടെ പല ആളുകളും പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഒരുപാട് നല്ലകാര്യങ്ങൾ ഈ നാടിനുവേണ്ടി ചെയ്തു. അതിൽ ഒട്ടേറെ വിമർശനങ്ങൾക്കും അദ്ദേഹം വിധേയനായിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്ത്,

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ചെയ്ത നല്ലകാര്യങ്ങൾ എന്നും ഭാരതവും ലോകവും ഓർമ്മിക്കും എന്നുള്ളത് ഒരു സത്യമാണ്. അതുപോലതന്നെ പഞ്ചാബിൽ പോലീസ് മേധാവി ആയിരുന്ന ശ്രീ. കെ. പി. എസ്. ഗില്ലിന് തീവ്രവാദം അടിച്ചമർത്താൻ റാവു എല്ലാ സ്വാതന്ത്ര്യവും നൽകിയ കാര്യം. അതോടെ പഞ്ചാബിൽ ശാന്തത കൈ വന്നു എന്ന് നാം ഓർമ്മിക്കണം. വളരെ പ്രഗത്ഭനായ അദ്ദേഹത്തിന്റെ അവസാന കാലം അത്ര നല്ലതായിരുന്നില്ല. എല്ലാവരാലും പരിത്യജിക്കപ്പെട്ട നേതാവായി അദ്ദേഹം കടന്നുപോയി എങ്കിലും ഇൻഡ്യയുടെ ചരിത്രത്തിൽ നരസിംഹറാവുവിന് പ്രത്യേക സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പറഞ്ഞ അഭിപ്രായങ്ങളോട് യോജിക്കുന്നു. നരസിംഹറാവു ഇൻഡ്യയുടെ ചരിത്രത്തിൽ പ്രഗത്ഭനായ ഒരു ഭരണാധികാരി ആയിരുന്നു. അഭിപ്രായവ്യത്യാസമുള്ളവർക്കു പോലും അത് സമ്മതിക്കാതിരിക്കാൻ നിർവ്വാഹമില്ല. ലോകം ആഗോളവത്ക്കരണത്തിന്റെ പാതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ ഇന്ത്യയെ അതിൽക്കൂടി മുന്നോട്ടു നയിക്കാൻ ശ്രമിച്ച ഒരു പ്രധാന അല്ലെങ്കിൽ മഹത്വ്യക്തിയാണ് പി. വി. നരസിംഹറാവു എന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യ മുന്നോട്ടു നീങ്ങുന്നതിൽ തീർച്ചയായിട്ടും നരസിംഹറാവുവിന്റെയും അന്നത്തെ ധനകാര്യമന്ത്രിയായിരുന്ന ശ്രീ. മൻമോഹൻ സിംഗിന്റെയും പങ്ക് വിസ്മരിക്കാൻ കഴിയില്ല. എന്ത് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാലും ഇൻഡ്യയ്ക്ക് സ്വന്തം കാലിൽ നിൽക്കാൻവേണ്ടിയുള്ള ഒരു പന്ഥാവ് വെട്ടിത്തെളിയിച്ച നമ്മുടെ ഭരണാധികാരികളിൽ പ്രധാനിയായിരുന്നു പി. വി. നരസിംഹറാവു എന്ന് നാം ഓർമ്മിക്കണം. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുയും ചെയ്യുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: പി. വി. നരസിംഹറാവുവിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് അങ്ങും മറ്റു കക്ഷിനേതാക്കന്മാരും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോടും വികാരങ്ങളോടും ഞാൻ യോജിക്കുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ പൈതൃകമുള്ള രാഷ്ട്രീയ നേതാക്കന്മാർ ഓരോന്നോരോന്നായി വേർപിരിയുകയാണ്. ഒരു നാടിനെ സംബന്ധിച്ചിടത്തോളം ആ വേർപാട് ദുഃഖകരവും പലകാര്യങ്ങൾ അനുസ്മരിക്കാനുള്ള അവസരവും ആണ്. നെഹ്റു കുടുംബത്തിനുമാത്രമേ ഒരു ഉറച്ച ഗവൺമെന്റ് ഉണ്ടാക്കാൻ കഴിയൂ എന്നതായിരുന്നു പി. വി. നരസിംഹറാവു പ്രധാനമന്ത്രി ആകുന്നതുവരെയുള്ള ഇന്ത്യയിലെ ഭരണചക്രത്തിന്റെ അനുഭവം. സ്വന്തം കക്ഷിക്ക് കേവല ഭൂരിപക്ഷം ഇല്ലാതിരുന്നിട്ടും ഉറച്ച ഭരണകൂടം സ്ഥാപിക്കാൻ പി. വി. നരസിംഹറാവുവിന് സാധിച്ചു എന്നത് മറ്റു പ്രധാനമന്ത്രിമാരിൽ നിന്നും വ്യത്യസ്തമായി അദ്ദേഹത്തിന്റെ കഴിവിനുള്ള ഒരു തെളിവാണ്. അതിന് അദ്ദേഹം പല രീതിയിലുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പലപ്പോഴും അഭിപ്രായം പറയേണ്ട ഘട്ടങ്ങളിൽ അദ്ദേഹം മൗനിയായിരുന്നിട്ടുണ്ട്. "മൗനം വിദ്വാന് ഭൂഷണം" എന്ന ആപ്ത വാക്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ പ്രതീകമായി അദ്ദേഹത്തെ പലരും ചിത്രീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കേണ്ട സമയങ്ങളിലൊക്കെ അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. ഫ്രാൻസിൽ അദ്ദേഹം ഫ്രഞ്ച് ഭാഷയിൽ നടത്തിയ പ്രസംഗം ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ടു; ഇൻഡ്യയുടെ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ പ്രതീകമായി അതിനെ വിശദീകരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ പിന്നീട് വിലയിരുത്തപ്പെടേണ്ടതാണ്. ഭരണകർത്താക്കൾ ഒരു പക്ഷേ ആ കാലഘട്ടത്തിന്റെ ആവശ്യമെന്നു തോന്നിക്കുന്ന നടപടികൾ സ്വീകരിക്കും. പക്ഷേ ആ നടപടികളുടെ ഫലം താൽക്കാലികമായി പ്രയോജനകരമാണെന്ന് തോന്നുമെങ്കിലും അതിന്റെ ഭാവിയിലുണ്ടാകുന്ന ഭവിഷ്യത്തിനെ സംബന്ധിച്ചിടത്തോളം പരിശോധിച്ചു വിലയിരുത്തി തീരുമാനം എടുക്കുന്നു എന്നുള്ളതാണ് നാടിനെ ഓർക്കുന്ന ഒരു ഭരണകർത്താവിന് ഭൂഷണമായത്. പലപ്പോഴും ഈവക കാര്യങ്ങളിൽ തീരുമാനം എടുക്കുമ്പോൾ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് അദ്ദേഹം വിലയിരുത്തിയിട്ടുണ്ട്. പി. വി. നരസിംഹറാവുവിനെപോലുള്ള നേതാക്കളുടെ പ്രവർത്തനവും പരിചയവും അവരുടെ അനുഭവ സമ്പത്തും നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഓർമ്മിക്കപ്പെടേണ്ടതാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ഞാനും എന്റെ നമോവാകം അർപ്പിക്കുന്നു.

ശ്രീ. വി. സി. കബീർ: സർ, അങ്ങും വിവിധ കക്ഷിനേതാക്കളും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നു. സകലകലാവല്ലഭനായിരുന്ന പി. വി. നരസിംഹറാവുവിന്റെ സ്മരണകളെ അനുസ്മരിക്കുന്നതോടൊപ്പംതന്നെ മതേതര ഇൻഡ്യയിൽ വേദനകൾ ഉണ്ടാക്കിയ കറുത്ത ദിനങ്ങളും നമുക്ക് മറക്കാൻ കഴിയില്ല. കോൺഗ്രസുകാരനായ പ്രധാനമന്ത്രി ഭരിക്കുമ്പോഴാണ് അതുണ്ടായത്. മതേതര ഇന്ത്യയിലുണ്ടായ മുറിവ് കാലത്തിനും ഉണക്കാൻ പറ്റാതെ ഇന്നും നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതെന്റെ ചിന്തകളെയും നൊമ്പരപ്പെടുത്തുന്നു. എന്നിരുന്നാലും ആ മഹത് വ്യക്തിത്വത്തിനു മുമ്പിൽ ഞാൻ സ്മരണാഞ്ജലികൾ അർപ്പിക്കുന്നു.

മി. സ്പീക്കർ: അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മുൻപ്രധാനമന്ത്രി നരസിംഹറാവുവിനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു).

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും 2005 ജനുവരി 31-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2005 ജനുവരി മാസം 31-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.39-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly